ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM **DATE: 25-03-2024**

പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനം വ്യാഴാഴ്ച; ഒരുക്കങ്ങൾ സജീവം.

2. കടലാസ് ഉപയോഗം പരമാവധി കുറയ്ക്കണമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ. പ്രകൃതിസൗഹൃദമാർഗങ്ങൾ ഉപയോഗിക്കണമെന്ന് സംസ്ഥാനവും.

3. ചൂട് തുടരുന്ന സാഹചര്യത്തിൽ ചിക്കൻ പോക്സിനെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണജോർജ്.

4. ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷ അവസാനിച്ചു. വിവിധ കേന്ദ്രങ്ങളിലായി പരീക്ഷയെഴുതിയത് 4.27 ലക്ഷം വിദ്യാർഥികൾ.

5. ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു - പഞ്ചാബ് കിങ്സ് മത്സരം രാത്രി 7.30ന് ബംഗളൂരുവിൽ.

&&&&&&&&&&&&

തെരഞ്ഞെടുപ്പ് - സംസ്ഥാനം

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ സജീവമായി. വ്യാഴാഴ്ച തെരഞ്ഞെടുപ്പ് വിജ്ഞാപനം

RNU TVPM

പുറപ്പെടുവിക്കും. അടുത്തമാസം 26നാണ് സംസ്ഥാനത്ത് വോട്ടെടുപ്പ്. രാജ്യത്ത് തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടവും പൂർത്തിയായശേഷം ജൂൺ നാലിനാണു വോട്ടെണ്ണൽ. കേരളം ഉൾപ്പെടെ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പു നടക്കുന്ന സംസ്ഥാനങ്ങളിൽ നാമനിർദേശപത്രിക നൽകാനുള്ള അവസാന ദിവസം ഏപ്രിൽ നാലാണ്. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരുക്കങ്ങൾ വിലയിരുത്തി. പോളിങ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം വരുംദിവസങ്ങളിൽ ആരംഭിക്കും. മുന്നണികളെല്ലാം സ്ഥാനാർത്ഥിപ്പട്ടിക പുറത്തുവിട്ടതോടെ പ്രചാരണവും ഊർജിതമായി.

&&&&&&&&&&&&

തെരഞ്ഞെടുപ്പു കമ്മീഷൻ - കടലാസ്‌രഹിതം

വരാനിരിക്കുന്ന ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾ പരിസ്ഥിതി സൗഹൃദമായി നടത്താനാണ് ശ്രമിക്കുന്നതെന്നു കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ പട്ടികയ്ക്കും തെരഞ്ഞെടുപ്പു സാമഗ്രികൾക്കും കടലാസ് ഉപയോഗം പരമാവധി കുറയ്ക്കണമെന്നു കമ്മീഷൻ നിർദേശം നൽകി.

&&&&&&&&&&&&

തെരഞ്ഞെടുപ്പ് - പ്രകൃതി

പ്രകൃതിയോടിണങ്ങിയുള്ള പ്രചാരണത്തിന് മാർഗനിർദേശങ്ങളുമായി സംസ്ഥാനത്തും തെരഞ്ഞെടുപ്പ് വിഭാഗം രംഗത്ത്. രാഷ്ട്രീയപാർട്ടികളുടേയും സ്ഥാനാർഥികളുടേയും പ്രചാരണത്തിലും യോഗങ്ങളിലും, ജോലിക്കായി ഉദ്യോഗസ്ഥരെ വിന്യസിക്കുമ്പോഴും, ഹരിതചട്ടം പാലിക്കുന്നതിനായി പുനരുപയോഗിക്കാവുന്നതും പ്രകൃതിയോട് ഇണങ്ങിയതുമായ വസ്തുക്കളുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കണമെന്നാണ് നിർദേശം.

KNUTVPM

ഇതിനായി രാഷ്ട്രീയ കക്ഷികൾക്കും ഉദ്യോഗസ്ഥർക്കുമായി വിവിധ നിർദേശങ്ങളും തെരഞ്ഞെടുപ്പു വിഭാഗം പുറത്തിറക്കി.

&&&&&&&&&&&&

ബി ജെ പി സ്ഥാനാർത്ഥി-കേരളം

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള നാല് സ്ഥാനാർത്ഥികളെക്കൂടി ബിജെപി പ്രഖ്യാപിച്ചു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി മത്സരിക്കുന്ന വയനാട് മണ്ഡലത്തിൽ സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രനെയാണ് ബിജെപി രംഗത്തിറക്കുന്നത്. സിപിഐ ദേശീയ നേതാവ് ആനി രാജയാണ് വയനാട്ടിലെ എൽഡിഎഫ് സ്ഥാനാർഥി. കൊല്ലത്ത് നടൻ ജി കൃഷ്ണകുമാറും ആലത്തൂരിൽ ഡോ. ടി എൻ സരസുവും മത്സരിക്കും. എറണാകുളത്ത് ഡോ. കെ. എസ്. രാധാകൃഷ്ണനാണ് ബിജെപി സ്ഥാനാർഥി.

RNU TVPM

&&&&&&&&&&&&

കൊല്ലം പ്രചാരണം

NDA സ്ഥാനാർത്ഥിയായി ജി കൃഷ്ണകുമാറിനെ പ്രഖ്യാപിച്ചതോടെ കൊല്ലത്തു പ്രചാരണം കൂടുതൽ സജീവമായി. യു.ഡി.എഫ്. സ്ഥാനാർഥി എൻ. കെ. പ്രേമചന്ദ്രന്റെ മണ്ഡലം കൺവെൻഷനുകൾ ആരംഭിച്ചു. എൽ.ഡി.എഫ്. സ്ഥാനാർത്ഥി എം. മുകേഷ് ഇന്ന് തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിൽ പര്യടനം നടത്തി.

&&&&&&&&&&&&

കോട്ടയം - പ്രചാരണം

കോട്ടയം മണ്ഡലത്തിൽ എല്ലാ സ്ഥാനാർഥികളുടെയും പ്രചാരണം പുരോഗമിക്കുന്നു. പരമാവധി വോട്ടർമാരെ നേരിട്ട് കണ്ടു വോട്ടഭ്യർഥിക്കുന്ന തിരക്കിലാണ് സ്ഥാനാർഥികൾ.

ഐക്യജനാധിപത്യ മുന്നണി സ്ഥാനാർഥി അഡ്വ. കെ ഫ്രാൻസിസ് ജോർജ് കോട്ടയം സിഎംഎസ് കോളേജിൽ കെ.എസ്.യു പ്രവർത്തകരുമായി സംവദിച്ചു. NDA സ്ഥാനാർഥി തുഷാർ വെള്ളാപ്പള്ളിയുടെ ഇന്നത്തെ പര്യടനം മണർകാട് ദേവി ക്ഷേത്രത്തിൽ നിന്നാണു തുടങ്ങിയത്. എൽ. ഡി.എഫ് സ്ഥാനാർഥി തോമസ് ചാഴിക്കാടന്റെ പ്രചാരണം കൊട്ടാരമറ്റം ബസ് സ്റ്റാൻഡിൽ നിന്ന് ആരംഭിച്ചു.

&&&&&&&&&&&&

മണ്ഡലങ്ങളിലൂടെ - പൊന്നാനി (ഇൻട്രോ)

പൊന്നാനി ലോക്സഭാ മണ്ഡലത്തിൽ തിരക്കിട്ട പ്രചാരണ പരിപാടികളുമായി മൂന്ന് മുന്നണികളും സജീവം. ദേശീയ-സംസ്ഥാന നേതാക്കളുടെ സാന്നിധ്യം മണ്ഡലത്തിൽ വരുംദിവസങ്ങളിലെ പ്രചാരണ പരിപാടികൾക്ക് ചൂടേറ്റും.

വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ്ബാബു ...

&&&&&&&&&&&&

തിരുവനന്തപുരം - തെരഞ്ഞെടുപ്പ്

തലസ്ഥാന ജില്ലയിൽ ആവേശകരമായ രീതിയിലാണ് തിരഞ്ഞെടുപ്പ് പ്രചാരണം. ത്രികോണ മത്സരമാണ് തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ. നിലവിലെ എംപിയും യു ഡി എഫ് സ്ഥാനാർത്ഥിയുമായ ശശി തരൂർ രാവിലെ കല്ലറത്തറ ക്ഷേത്രം സന്ദർശിച്ചു. പൗർണമി കാവ്, പാപ്പനംകോട് എൻജിനിയറിങ് കോളേജ് മേഖലകളിലാണ് അദ്ദേത്തിന്റെ ഇന്നത്തെ പര്യടനം. എൽ ഡി എഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രന്റെ പര്യടനം നെയ്യാറ്റിൻകര മണ്ഡലത്തിലായിരുന്നു. എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർനെല്ലിമൂട് മുരിക്കതോട്ടം ക്ഷേത്രം, കല്ലിയൂർ ക്ഷേത്രം

RNU TVPM

എന്നിവിടങ്ങളിലും നന്ദാവനത്ത് ഇഫ്താർ വിരുന്നിലും കുടപ്പനക്കുന്ന് ഗൗരപൂർണിമയിലും സാന്നിധ്യമായി.

&&&&&&&&&&&&

ആറ്റിങ്ങൽ - തെരഞ്ഞെടുപ്പ്

ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിൽ തിരക്കിട്ട പ്രചാരണ പരിപാടികളുമായി മുന്നണികൾ. നിലവിലെ എംപിയും യുഡിഎഫ് സ്ഥാനാർത്ഥിയുമായ അടൂർ പ്രകാശ് വെഞ്ഞാറമൂട് തലേക്കുന്നിൽ ബഷീർ സാംസ്കാരിക കേന്ദ്രത്തിന്റെ ശിലാസ്ഥാപന ചടങ്ങിൽ പങ്കെടുത്തു. എൽ ഡി എഫ് സ്ഥാനാർത്ഥി വി. ജോയി ഇന്ന് ചിറയിൻകീഴ് നിയമസഭാ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ പര്യടനം നടത്തി. എൻഡിഎ സ്ഥാനാർത്ഥി വി മുരളീധരൻ ആറ്റിങ്ങൽ അമർ ജവാൻ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. ആറ്റിങ്ങൽ കോടതിയിലെ അഭിഭാഷകരുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹം മേഖലയിലെ വിവിധ കേന്ദ്രങ്ങളിൽ പദയാത്രയിലും പങ്കെടുത്തു.

RNU TVPM

&&&&&&&&&&&&

മുഖ്യമന്ത്രി - മലപ്പുറം

പൗരത്വ ഭേദഗതി വിഷയത്തിൽ ശക്തമായ നിലപാടു സ്വീകരിക്കാൻ കോൺഗ്രസ് തയ്യാറാകുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വേദനിക്കുന്ന മതന്യൂനപക്ഷങ്ങളെ പരിഹസിക്കുകയാണ് കോൺഗ്രസെന്നും അദ്ദേഹം പറഞ്ഞു. 'പൗരത്വ ഭേദഗതി നിയമം അറബിക്കടലിൽ' എന്ന വിഷയത്തിൽ മലപ്പുറത്ത് സംഘടിപ്പിച്ച ഭരണഘടനാ സംരക്ഷണ റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&

എസ്എസ്എൽസി പരീക്ഷ

ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷ അവസാനിച്ചു. കേരളം, ലക്ഷദ്വീപ്, ഗൾഫ് മേഖലകളിലെ 2,971 പരീക്ഷാ കേന്ദ്രങ്ങളിലായി 4 ലക്ഷത്തി 27 ആയിരത്തി 105 വിദ്യാർത്ഥികളാണ് ഈ വർഷം പരീക്ഷ എഴുതിയത്. ഏറ്റവും കൂടുതൽ വിദ്യാർഥികൾ പരീക്ഷ എഴുതിയ കേന്ദ്രം തിരൂരങ്ങാടി PKMMHSS എടരിക്കോടാണ്. 2085 വിദ്യാർത്ഥികളാണ് ഇവിടെ പരീക്ഷയെഴുതിയത്.

മൂവാറ്റുപുഴ NSSHS, തിരുവല്ല ഗവൺമെന്റ് HS കുട്ടൂർ, ഹസ്സൻ ഹാജി ഫൗണ്ടേഷൻ ഇന്റർനാഷണൽ HS, എടനാട് NSS HS എന്നീ സ്കൂളുകളിൽ ഓരോ വിദ്യാർത്ഥി വീതമാണ് പരീക്ഷ എഴുതിയത്. ഏപ്രിൽ 3ന് മൂല്യനിർണയം ആരംഭിക്കും. 70 ക്യാംപുകളിലായി പതിനായിരത്തോളം അധ്യാപകർ പങ്കെടുക്കും.

&&&&&&&&&&&&

ചൂട്-ജാഗ്രത

RNU TVPM

സംസ്ഥാനത്ത് ചൂട് തുടരുന്ന സാഹചര്യത്തിൽ ചിക്കൻ പോക്സിനെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ്. സ്വയം ചികിത്സ പാടില്ല. രോഗ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം ചികിത്സ തേടണം. കുട്ടികൾ, മുതിർന്നവർ, ഗർഭിണികൾ, പ്രതിരോധശേഷി കുറഞ്ഞവർ, മറ്റു രോഗങ്ങളുള്ളവർ , സ്റ്റിറോയ്ഡ് മരുന്നുകൾ ഉപയോഗിക്കുന്നവർ തുടങ്ങിയവർ പ്രത്യേകം ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു .

&&&&&&&&&&&&

താപനില

സംസ്ഥാനത്തു ചൂട് കൂടുന്നു. ഉയർന്ന താപനില കണക്കിലെടുത്ത് ഒമ്പത് ജില്ലകളിൽ വ്യാഴാഴ്ച വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ആലപ്പുഴ, ഇടുക്കി, വയനാട്, മലപ്പുറം, കാസർകോട് ഒഴികെയുള്ള ജില്ലകളിലാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ ജാഗ്രതാ നിർദേശം.

&&&&&&&&&&&&

ഭക്ഷ്യ സുരക്ഷ - പരിശോധന

ചൂടുകാലത്ത് വിറ്റഴിക്കുന്ന ശീതളപാനീയങ്ങളുടേയും കുപ്പിവെള്ളത്തിന്റേയും സുരക്ഷ ഉറപ്പുവരുത്താൻ സംസ്ഥാനത്തു ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന. ഐസ്ക്രീം, കുപ്പിവെള്ളം, ശീതളപാനീയങ്ങൾ എന്നിവയുടെ നിർമ്മാണ-വിപണന കേന്ദ്രങ്ങളിലാണ് പരിശോധന നടത്തിയത്. വിനോദസഞ്ചാര മേഖലകളിലെ വിൽപ്പന കേന്ദ്രങ്ങളിലും പരിശോധന നടത്തി.

RNU TVPM

&&&&&&&&&&&&

വി.മുരളീധരൻ

വയനാട് പൂക്കോട് വെറ്ററിനറി കോളജ് വിദ്യാർഥി സിദ്ധാർഥനെതിരായ റാഗിങ്ങിൽ നടപടി നേരിട്ട വിദ്യാർഥികളെ തിരിച്ചെടുത്ത നടപടിയെ രൂക്ഷമായി വിമർശിച്ച് കേന്ദ്ര സഹമന്ത്രി വി.മുരളീധരൻ. എന്താണ് നടന്നത് എന്നതിൽ വിശദമായ അന്വേഷണം വേണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&

ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിങ്സുമായി ഏറ്റുമുട്ടും. രാത്രി 7.30ന് ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ രാജസ്ഥാൻ റോയൽസ് - ലഖ്നൗ സൂപ്പർ ജയൻറ്സിനെ 20 റൺസിന് പരാജയപ്പെടുത്തി. രണ്ടാം മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് 6 റൺസിന് മുംബൈ ഇന്ത്യൻസിനെയും തോൽപ്പിച്ചു.

&&&&&&&&&&&&

കബഡി ഗിന്നസ് റെക്കോർഡ്

ലോക കബഡി ദിനമായ ഇന്നലെ 128 താരങ്ങളെ പങ്കെടുപ്പിച്ച മത്സരത്തിലൂടെ ഗിന്നസ് റെക്കോർഡ് തിരുത്തി ഇന്ത്യ. ഹരിയാന പഞ്ച്കുലയിലെ താവു ദേവിലാൽ ഇൻഡോർ സ്റ്റേഡിയത്തിലായിരുന്നു മത്സരം. ആഗോളതലത്തിൽ കബഡിക്കു പ്രോൽസാഹനമേകുന്നതിനായി ഹരിയാന സർക്കാരും ഹോളിസ്റ്റിക്ക് ഇന്റർനാഷണൽ പ്രവാസി സ്പോർട്സ് അസോസിയേഷനും ധാരണാപത്രം ഒപ്പുവച്ചിരുന്നു.

RNU TVPM

&&&&&&&&&&&&

ശബരിമല

ശബരിമലയിലെ 10 ദിവസത്തെ പൈങ്കുനി ഉത്രം ഉത്സവത്തിനു സമാപനം കുറിച്ച് അയ്യപ്പ സ്വാമിക്ക് പമ്പയിൽ ആറാട്ട് നടന്നു. തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ മുഖ്യകാർമ്മികത്വത്തിൽ 11.45ഓടെയാണ് ആറാട്ട് നടന്നത്. ആറാട്ട് ഘോഷയാത്രയ്ക്ക് പമ്പയിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്തിന്റെ നേതൃത്വത്തിൽഔദ്യോഗിക വരവേൽപ്പ് നൽകി. വൈകിട്ട് 3.30വരെ ദേവനെ പമ്പ ഗണപതി കോവിലിലേക്കു

ദർശനത്തിനായി എഴുന്നള്ളിച്ച് ഇരുത്തി. തുടർന്ന് സന്നിധാനത്തേക്ക് തിരിച്ചെഴുന്നള്ളത്തു നടന്നു. വൈകിട്ടാണ് കൊടിയിറക്ക്. 13 ദിവസത്തെ പൂജകൾ പൂർത്തിയാക്കി ഇന്ന് രാത്രി 10ന് നടയടക്കും. മേടമാസ - വിഷു പൂജകൾക്കായി ശബരിമല ക്ഷേത്രനട ഏപ്രിൽ 10 ന് വൈകിട്ട് അഞ്ചിന് തുറക്കും

&&&&&&&&&&&&

വെള്ളനാട് - പ്രാദേശിക അവധി

തിരുവനന്തപുരം ചിറയിൻകീഴ് ശാർക്കര ദേവീക്ഷേത്രത്തിലെ മീനഭരണിമഹോത്സവത്തിന്റെ ഭാഗമായി ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഏപ്രിൽ 10ന് ജില്ലാ കലക്ടർ പ്രാദേശിക അവധി പ്രഖ്യാപിച്ചു. വെള്ളനാട് ഭഗവതി ക്ഷേത്രത്തിലെ മീനഭരണി മഹോത്സവത്തിന്റെ ഭാഗമായി ഏപ്രിൽ 10ന് വെള്ളനാട് പഞ്ചായത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കളക്ടർ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. മുൻ നിശ്ചയ പ്രകാരമുള്ള പൊതുപരീക്ഷകൾക്ക് അവധി ബാധകമാല്ലെന്നും കലക്ടർ അറിയിച്ചു.

RMUTVPM

&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&